**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6301** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്ന് ആരംഭിച്ച് മാലിപ്പുറം ബന്ധർ കനാൽ വരെയുള്ള ആർ.എം.പി. തോടിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനും ആഴം വർദ്ധിപ്പിക്കുന്നതിനുമായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള 19.50 കോടി രൂപയുടെ പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ആർ.എം.പി തോടിന്റെ പുനരുജ്ജീവനത്തിന്റെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിൽ കൊച്ചി അഴിമുഖത്ത് നിന്ന് ആരംഭിച്ച് മാലിപ്പുറം ബന്ധർ കനാൽ വരെയുള്ള ഭാഗത്ത് ഏകദേശം 6 കി. മീറ്റർ നീളത്തിൽ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും, ജനവാസ മേഖലകളിൽ വിവിധ റീച്ചുകളിലായി ആകെ ഏകദേശം 1950 മീറ്റർ നീളത്തിൽ പാർശ്വസംരക്ഷണ ഭിത്തിയും നിർമ്മിക്കുന്ന പ്രവൃത്തികൾ അടങ്ങിയ 600.13 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | കൊച്ചി അഴിമുഖത്തോട് ചേർന്ന് കിടക്കുന്ന പ്രസ്തുത തോടിന്റെ വിനോദസഞ്ചാര സാധ്യത കണക്കിലെടുത്ത് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുള്ള 19.50 കോടി രൂപയുടെ ഡി.പി.ആർ.ന് അടിയന്തര അനുമതി ലഭ്യമാക്കാനും പഞ്ചായത്ത്, ടൂറിസം, കൊച്ചിൻ പോർട്ട് അധികൃതരുടെ യോഗം വിളിച്ച് ചേർക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ